കഥ

# ക്രൂശിതൻ

**വിജയകുമാർ കളരിക്കൽ**

ഞങ്ങളുടെ ഒരു ദിവസം തുടങ്ങുന്നത് രാജപ്പൻ നായരുടെ ചായക്കടയിൽനിന്നുമാണ്. കിടക്കപ്പായയിൽ, കണ്ണുതുറന്ന് എഴുന്നേറ്റ് ഇരുന്ന് വസ്ത്രങ്ങൾ നേരയാക്കി ഒന്നു പുകച്ച് കഴിഞ്ഞ് പുറത്തിറങ്ങി വായ ശുദ്ധിയാക്കി മുഖം കഴുകി കഴിഞ്ഞ് നേരെ കടയിലെത്തും.

അപ്പോൾ നേരം പരപരാവെളുത്തിട്ടേ ഉാകൂ. കടയിൽ തിരക്കായിട്ടുാവില്ല. കടല വേവുന്നതിന്റെ മണവും പുട്ടു കുത്തുന്നതിന്റെ ശബ്ദങ്ങളും അറിഞ്ഞുകൊ് ബഞ്ചിൽ ഒരു ഗ്ലാസ്സു ചായയുമായി പത്രത്തിന് മുന്നിലുള്ള ഇരിപ്പ് രുമണിക്കൂറോളമാണ്.

പത്രങ്ങൾ ഒന്നോ രാ ഒന്നുമല്ല, കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ ജാതി മതവ്യത്യാസമില്ലാതെ മാതൃഭാഷയിൽ ഇറങ്ങുന്ന എല്ലാ പത്രങ്ങളും തന്നെ അവിടെ ഉ്. പക്ഷെ, ഒരു പത്രത്തിന്നൊഴിച്ച് മറ്റൊന്നിനും രാജപ്പൻനായർ പണം മുടക്കാറില്ലെന്നത് യാഥാർത്ഥ്യം. പാർട്ടി, മത, ജാതി അഭ്യുദയകാംക്ഷികൾ സൗജന്യമായിവിതരണംചെയ്തിരിക്കുന്നതാണ്.ഉച്ചയോടുകൂടിഅവകളെല്ലാം അപ്രത്യക്ഷമാകുകയും ചെയ്യുന്നു

എന്തുവേു, അതു കൊ് ഞങ്ങൾ ലോകത്തെ പല പ്രധാനകാര്യങ്ങൾ അറിയുന്നവരും പലപല വി.ഐ.പികളെ പരിചയമുള്ളവരുമായിരിയ്ക്കുന്നു. അക്കൂട്ടത്തിൽ ഒബാമയും റസൂൽ പൂക്കുട്ടിയും സ്ലം ഡോഗുകളും പെടുന്നു. ഞങ്ങൾ സാധാരണ ഇന്ത്യൻ പൗരന്മാരാണ്, പറയത്തക്ക ജോലികളോ കൂലികളോ ഇല്ലെന്നതിന് തെളിവായിട്ട് തൊഴിലില്ലായ്മ വേതനം പറ്റുന്നവരാണ്. എന്നിരിക്കിലും, ഞങ്ങൾ വസ്ത്രം, ആഹാരം, മദ്യം, പുക ഇവകളിൽ തീരെ മോശമായ സ്ഥിതിയിലുള്ളവരാണെന്ന് തോന്നരുത്. കേരളാ സർക്കാരിന്റെ ര് ഗസറ്റഡ് ഉദ്യോഗസ്ഥർ (ഭാര്യയും ഭർത്താവും) ജീവിക്കുന്നതിലും ശ്രേഷ്ഠമായിട്ടു തന്നെയാണ് കഴിയുന്നത്. പക്ഷെ, അവരുടെ വീടുകളിലെ സ്ഥിതി, ഞങ്ങളുടെ വീടുകളിലും ഉന്നെ് ധരിച്ച് വശായി ടാക്സ് പേയികളാക്കിമാറ്റാനുള്ള ശ്രമം അരുത്. ഞങ്ങൾ ഉത്തരവാദിത്വങ്ങളില്ലാത്തവരും, ഒറ്റാന്തടിയന്മാരുമാണെന്നതാണ് കാരണം.

ഇവിടെ ഒരു പാഠഭേദമു് - ആർഷ സംസ്ക്കാരത്തെ മുൻനിർത്തി ഗൃഹസ്ഥാശ്രമികളാകാതെ സന്യാസിമാരായി അലഞ്ഞുനടക്കുന്നവർ മനസ്സമാധാനമുള്ളവരും ആരോഗ്യമുള്ളവരും മോക്ഷപ്രാപ്തിക്ക് യോഗ്യരുമാണ്.

ഇന്നാട്ടിലെ എല്ലാവരെയും ഞങ്ങൾക്ക് അറിയാം, ഞങ്ങളെയും എല്ലാവർക്കും. എല്ലാവർക്കും തന്നെചില അല്ലറചില്ലറ പണികൾ ഞങ്ങൾ ചെയ്തുകൊടുത്തിട്ടുാവും; ഒരുദിവസത്തെ പറമ്പുകിള അല്ലെങ്കിൽ കുറച്ച് വീട്ടുസാധനങ്ങൾ എത്തിച്ചുകൊടുക്കൽ തുടങ്ങി........ ഒരിക്കൽ ബന്ധപ്പെട്ടു കഴിഞ്ഞാൽ മറക്കാൻ കഴിയാത്ത സർവ്വീസുകൾ ഞങ്ങൾ ചെയ്തിരിക്കുമെന്നതാണ് ഞങ്ങളുടെ ക്വാളിറ്റി .

പക്ഷെ, ഇവിടെ പറയാൻ വന്നത് അതൊന്നുമായിരുന്നില്ല.

ഞങ്ങൾ കാണുകയാണ്.

നാട്ടുവെളിച്ചം വീണുകഴിഞ്ഞിരിക്കുന്നു. രാജപ്പൻ ചേട്ടന്റെ പീടികയിലെ ബഞ്ചുകളിൽ പുട്ടുതിന്നവരും ചായ, കാപ്പി ഇവകൾ കഴിക്കുന്നവരും എത്തിയിരുന്നു.

തെക്ക്നിന്നുള്ള വഴിയിലൂടെ ആണവരെത്തിയത്, ഇരുപതോ മുപ്പതോ നാട്ടുകാരു്, മൗനികളായിട്ട്..........

കവലയിൽ എത്തി കിഴക്കോട്ട് തിരിഞ്ഞ്പീടികയുടെ മുന്നിൽഎത്തിയപ്പോഴുായ പാദ ചലനങ്ങളുടെ ധ്വനികളിൽ ശ്രദ്ധനഷ്ടപ്പെട്ട് പത്രങ്ങളിൽ നിന്നും കണ്ണുകൾ ഉയർത്തി ഞങ്ങൾ നോക്കുകയായിരുന്നു.

മുന്നിൽ നേതാവിന്റെ തലയെടുപ്പോടുകൂടി അയാൾ ഉ്. നാട്ടിലെ എന്തിന്റെയും ഏതിന്റേയും മുന്നിൽകാണാറുള്ള സുന്ദരൻ ( സുന്ദരൻ ഞങ്ങൾ രഹസ്യമാക്കിവച്ചിരിക്കുന്ന പേര്) ഒരിക്കൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിന് മത്സരിക്കയും തോല്ക്കുകയും ചെയ്തിട്ടുന്നെുള്ളതാണ് അയാളുടെ യോഗ്യത.

എന്നിരിക്കിലും ഒരുകാര്യം പറയാതിരിക്കാൻ വയ്യ മെമ്പർക്ക് മുമ്പ് തന്നെ എന്തു സംഭവവികാസങ്ങൾക്കും മുമ്പിൽ അയാൾ എത്തിപ്പെടുമെന്ന സത്യം, അയാളുടെ യോഗംകൊാവാം. ഇപ്പോൾ ഞങ്ങളെ ദുഃഖിപ്പിക്കുന്ന ഒരുവസ്തുത അയാൾ പറഞ്ഞാൽ കേൾക്കുന്ന ഒരു വിഭാഗത്തെതന്നെ നാട്ടിൽ ഉാക്കിയെടുക്കാൻ കഴിഞ്ഞിരിക്കുന്നുയെന്നതാണ്.

അയാൾക്കൊപ്പം,മുന്നിൽ തന്നെ ഇടതുവശം ചേർന്നു നടക്കുന്ന മറ്റേ ആൾ...................

കറുത്ത് പൊക്കംകുറഞ്ഞിട്ട്...

അതേ അവൻ തന്നെ,

കള്ളൻ കൃഷ്ണൻ........

പ്രൊഫഷണൽ തീഫ് !

ഒന്നോ രഠോ തവണ ജയിൽവാസവും അനുഷ്ഠിച്ചിട്ടു്. ഭാര്യമാരു്, (ഒന്നിവിടെയും മറ്റൊന്ന് വേറെവിടെയോ ആണെന്ന് കിംവദന്തി) കുട്ടികളു്. നിത്യേനമത്സ്യവും മാംസവും ഒരിമിച്ചുള്ള ആഹാരം. ടി.വി., വി.സി.ആർ,റെക്കോഡ് പ്ലയർ ഇത്യാദി നിത്യോപയോഗ സാധനങ്ങളും.....

ഞങ്ങൾക്ക് അയാളോടുള്ള മനോഭാവം ഇപ്പോൾ പറയാൻ കഴിയാതെയാണിരിക്കുന്നത്. കാരണം ദേശീയതലത്തിലും അന്തർദേശീയതലത്തിലും ഉള്ള കള്ളന്മാരെയും കൊലപാതകികളെയും കുറിച്ച് അറിയുന്ന, പഠിക്കുന്ന ഞങ്ങൾ ഈ എലുമ്പിനെപ്പറ്റി, പുഴുവിനെപ്പറ്റി ചിന്തിച്ചിട്ടില്ല എന്നതു തന്നെ. ഇനിയിപ്പോൾ ചിന്തിക്കാൻ എവിടെ സമയം........... കാഴ്ചകാണേ ?

ഞങ്ങളും അവർക്ക് പിന്നാലെ നടന്നു, കുറച്ചു അകന്നുതന്നെ.

ഞങ്ങളെന്നും അങ്ങിനെതന്നെയായിരുന്നു. ഒരിക്കലും, ഒന്നിലും ഇടപെടാറില്ല. വ്യക്തമായ അഭിപ്രായങ്ങളോ തിരുമാനങ്ങളോ ഇല്ല എന്നതു തന്നെകാര്യം. മാത്രമല്ല ഒന്നും ദേഹത്ത്തൊടുന്നത് ഇഷ്ടമല്ലാത്തതുകൊം.

നടത്തം അധികം നീല്ല. വഴിയോരത്തെ ഒരുവീടിന്റെ മുന്നിൽ നിന്നു.

അടഞ്ഞ് കിടക്കുന്ന ഗെയിറ്റിൽ കൈവച്ച് സുന്ദരന്റെ ആ നിൽപ്പ് തികച്ചും നന്നായിട്ടു്. ഇംഗ്ലീഷ് സിനിമകളിലെ വില്ലന്മാർക്ക് മാത്രം ചെയ്യാൻ കഴിയുന്ന കാര്യം - ഓസ്ക്കാർ വരെ പരിഗണിക്കപ്പെടാവുന്ന ശൈലി.

ആ വീടിന്റെ ഉമ്മറവാതിലും അടഞ്ഞുതന്നെയാണ് ഇരിക്കുന്നത്. അവർ എഴുന്നേറ്റിട്ടുാവില്ല. എഴുന്നേറ്റാൽ തന്നെ ദിനചര്യകളും ദിനകൃത്യങ്ങളും ഉള്ളവരായതിനാൽ മുന്നിലേക്കെത്തിയിട്ടില്ല. അവിടുത്തെ ഗൃഹനാഥനെ ഞങ്ങളറിയും .എവിടെ നിന്നോ എത്തിയ ഒരു മുപ്പതുകാരൻ ഗുമസ്തൻ, രാമകൃഷ്ണൻ. നായരാണോ, ഈഴവനാണോ, അതോ വിശ്വകർമ്മനാണോ, എന്നറിയില്ല . അയാൾ സ്വയം പരിചയപ്പെടുന്നിടത്തൊന്നും വാല് ചേർത്ത് കേട്ടിട്ടില്ല. കൂടാതെ വഴി നടക്കുമ്പോൾ വേലിപ്പടർപ്പിലൂടെ ഒളിഞ്ഞുനോക്കാൻ പ്രേരിപ്പിക്കുന്ന അയാളുടെ ഭാര്യ, വശ്യം, മാദമാദകത്വമല്ല. ആകർഷണീയമായ ശാലീനതയാണ്. വേലിപ്പടർപ്പിന്റെ വിടവിലൂടെ അവളുടെദേഹത്ത്എത്തുന്നകണ്ണുകളെപലപ്പോഴുംഅവൾശ്രദ്ധിക്കുന്നത് കിട്ടു്.അപ്പോൾ നിശബ്ദം പിൻവലിയാറാണ് പതിവ്. പക്ഷേ പിന്നീട് വഴിയോരത്ത് വച്ചെങ്ങാൻ ആ കണ്ണുകളുടെ ഉടമസ്ഥനെ കാൻ അവളുടെ മുഖത്ത് നിസ്സംഗഭാവമാണ് വിരിയാറ്. അങ്ങെനെയാണ് ഞങ്ങൾ സ്നേഹിതർ അവരെ കണ്ണാൽ ശല്യം ചെയ്യേന്നെ് തിരുമാനിച്ചത്.

പക്ഷേ, നാട്ടുകാർ ഈ പടിക്കൽ നിന്നപ്പോൾ ഞങ്ങൾ അത്ഭുതപ്പെടുകയാണ്. പക്ഷേ ചിന്തിച്ച് ഒരു തിരുമാനത്തിലെത്താൻ ഇവിടെ സമയമില്ല, അതിന്റെ ആവശ്യവുമില്ല. സംഭവം നടക്കാൻ പോകുന്നതല്ലേയുള്ളൂ.....

കൂട്ടത്തിനിടയിൽനിന്നും ഒരാൾ മുന്നോട്ടുകയറിവന്ന് ഗേയിറ്റ് തുറന്നു.നേതാവ് അയാളെ നോക്കി ഒന്നുപുഞ്ചിരിച്ചു. അയാൾ കൃതാർത്ഥനായെന്ന് കാണിക്കാനായി തലവണങ്ങി, പിന്മാറി. തുറന്നവഴിയെ നേതാവിന് പിന്നാലെ ജനം വീടിന്റെ മുറ്റത്ത് പാദപതന ശബ്ദമുയർത്തി വരാന്തയ്ക്ക് താഴെയെത്തിനിന്നു.

പാദ ചലനങ്ങൾ കേട്ടിട്ടാകാം മുൻവാതിൽ തുറന്ന് രാമകൃഷ്ണൻ പുറത്തേക്ക് വന്നു. വാതിലിന്റെ പാതിമറയിൽ അയാളുടെ ഭാര്യയും, ഒക്കത്ത് കുഞ്ഞും.

നേതാവ്മുന്നോട്ടു നീങ്ങി രാമകൃഷ്ണന് അഭിമുഖമായിനിന്നു; നേതാവിന്റെ മുഖം ഇത്രരാവിലെ തന്നെ ചുവന്ന്തുടുക്കുന്നത് ഞങ്ങൾക്ക് കാണാം.

ഞങ്ങൾ കു, കേട്ടു.

''നിങ്ങളല്ലെ സർക്കാർ ഗുമസ്തൻ രാമകൃഷ്ണൻ?''

'' അതെ.''

''നിങ്ങൾക്ക് ടൈഗർ എന്നൊരു പട്ടിയുണ്ടോ?''

''ഉ് ''

''അതിനെ രാത്രിയിൽ കെട്ടഴിച്ച് വിടാറുടോ?''

''ഉവ്വ് ''

''അത് മനുഷ്യനെ കടിക്കാറുടോ''

''അറിയില്ല ''

''എങ്കിൽ ഇന്നലെ രാത്രിയിൽ ഈ ഗ്രാമത്തിലെ ഒരു സാധാരണ പ്രജയെ അവൻ കടിച്ചു.''

''സാർ..........അത്.............''

പിന്നീട് അയാളുടെ, രാമകൃഷ്ണന്റെ പ്രകടനങ്ങൾ ഒട്ടും തൃപ്തികരമായില്ല. ഏത് കൊലകൊമ്പന്റെ മുന്നിലായിരുന്നാലും സത്യം പറയാമായിരുന്നു. പറഞ്ഞിട്ട് അയാൾ കൊല്ലുന്നെങ്കിൽ വിരിഞ്ഞമാറ് ഞെളിഞ്ഞുനിന്നുകാട്ടി വെട്ടേറ്റു മരിയ്ക്കാമായിരുന്നു. അതാണ് വീരപുരുഷന്റെ ലക്ഷണമെന്ന് പുരാണങ്ങളിലും വടക്കൻവീരഗാഥകളിലും പ്രസ്ഥാവ്യമാണ്.

''അന്ത്രൂ ഇവന്റെ നായയെ പിടിച്ചുകൊു വരൂ.........''

നേതാവ് ആജ്ഞാപിച്ചു.

പച്ച അരപ്പട്ടകെട്ടിയ അന്ത്രൂ വീടിന്റെ പിന്നിലേക്ക് നടന്നു. അന്ത്രൂവിന് ഇപ്പോഴുംഒരു പഴയ അറവുകാരന്റെ സ്റ്റൈലാണ്, കുറ്റിത്തല മുടിയും വട്ടത്താടിയും ചുവന്ന കണ്ണുകളും രക്തക്കറപിടിച്ച ബെനിയനും കൈലിമുണ്ടും. നീമുളംതിന്റെ അഗ്രത്തിൽ കുറുകെ കമ്പു വച്ച് കെട്ടി, കുരുക്കിട്ട് തൂക്കി, കറുത്ത, ഓമനത്തമുള്ള നായക്കുട്ടിയെ അയാൾ കൊുവന്നു.

അതെവരെ നിശ്ശബ്ദരായിരുന്ന ഗ്രാമജനത ആർത്ത്ചിരിക്കാനും തുള്ളിച്ചാടാനുംതുടങ്ങി ഇപ്പോൾ അവർക്കെല്ലാം ആഫ്രിക്കൻ വനാന്തരങ്ങളിൽ ഒളിച്ചു പാർക്കുന്ന നരഭോജികളുടെ ഛായയാണ്. സൂര്യകിരണങ്ങൾ ഏറ്റപ്പോൾ കൂടുതൽ രൂക്ഷമാകുകയാണ് അന്തരീക്ഷം

''നിങ്ങൾ നിശ്ശബ്ദരാകൂ........ കൃഷ്ണൻ മുന്നിലേക്ക് വരൂ...........''

നേതാവ് പറഞ്ഞു ജനങ്ങൾ നിശ്ശബ്ദരായി മുറ്റത്ത് കുന്തങ്കാലിൽ ഇരിപ്പായി. നരഭോജികൾ എങ്കിലും അവരെല്ലാം ആവശ്യത്തിന് ഭക്ഷണം കഴിക്കുന്നവരാണെന്ന് അച്ചടക്കം വിളിച്ചറിയിക്കുന്നു്. മുന്നോട്ട് കയറി വന്ന കൃഷ്ണനെയും കുരുക്കിൽ തൂങ്ങിയാടുന്ന നായക്കുട്ടി യെയും ചൂി നേതാവ് സംസാരിച്ചു.

''ഗ്രാമക്കാരെ വിശാലമനസ്ക്കരെ............ ഈ കൃഷ്ണൻ കള്ളനാകാം.............ജയിൽപ്പുള്ളിയാകാം, ആരായാലും ഈ ഗ്രാമത്തിന്റെ സന്താനമാണ്. എന്നാൽ ഈ നായയോ, അന്യദേശക്കാരൻ, വർഗ്ഗത്തിലും നമുക്ക് അന്യൻ അല്ലേ ?''

''അതെ...........................''

ജനങ്ങൾ ഒന്നടങ്കം കൈയുയർത്തി പറഞ്ഞു

''ഇന്നലെയും കളവിന് കയറിയപ്പോഴാകാം ഇവനെ ഈ നായ കടിച്ചത് അതുസഹിക്കാനാകുമോ.............?''

''ഇല്ല.....................''

ജനങ്ങൾ ഇളകിവശ്ശായി. അവർ നിയന്ത്രണങ്ങൾ ലംഘിക്കുമെന്ന് നേതാവിന് തോന്നി.

''ഈ നായയെ നാം എന്തു ചെയ്യണം? ''

''അവനെ തൂക്കി കൊല്ലണം,''

ജനങ്ങൾ ക്രൂരരായിമാറിയിരിക്കുന്നു. അവർ നിലത്തുനിന്ന് എഴുന്നേറ്റ് ഉന്മാദമായ നൃത്തമാടുകയും ഉച്ചത്തിൽ പാടുകയും ചെയ്യുകയാണ്.

അടുത്തനിമിഷത്തിൽ എല്ലാ നിയന്ത്രണങ്ങളും ഭേദിച്ച ജനങ്ങൾ അന്ത്രുവിനെ വളഞ്ഞ്, നായ്ക്കുട്ടിയെ മുളങ്കമ്പോടുകൂടി കൈക്കലാക്കി പടിയിറങ്ങി റോഡിലൂടെ നൃത്തമാടി മുന്നോട്ടുനീങ്ങി.

ആരവം അകന്നകന്ന് വളവുതിരിഞ്ഞപ്പോൾ ഞങ്ങൾ തിരിഞ്ഞുനോക്കി

നേതാവ് രാമകൃഷ്ണനെ തോളിൽ തട്ടി സാന്ത്വനപ്പെടുത്തുകയായിരുന്നു.

ഇപ്പോൾ അയാളുടെ മുഖം ഞങ്ങൾക്ക് ഓർമ്മ വരികയാണ്, 2000 വർഷങ്ങൾ
ക്ക് മുമ്പ് ജീവിച്ചിരുന്ന ഒരാളുടെ, പീലാത്തോസ്സിന്റെ.

ആളൊഴിഞ്ഞ മുറ്റത്ത് നേതാവ് തനിച്ചാണ്. ഷർട്ടിന്റെ കോളർ പിടിച്ച് നേരയാക്കി,മുിന്റെ കോന്തല ഒരു കൈയ്യാൽ ലേശമുയർത്തി, മുറ്റത്തെ മണൽ തരികളെ കരയിച്ച് അയാൾ പടി കടന്നു.

വീട്ടിനുള്ളിൽനിന്നും തേങ്ങലുയർന്നു.

@@@@@@@@@@@

വിജയകുമാർ കളരിക്കൽ,
മാതിരപ്പിള്ളി,
കോതമംഗലം – 686691.
ഫോൺ: 9847946780.